പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ!!!**

ഇൻഡ്യയിലെ കാർഷിക മേഖലയിലും ചെറുകിട കച്ചവടരംഗത്തും കാതലായ മാറ്റങ്ങൾക്ക് കാരണമാകാൻ സാധ്യതയുള്ള ബില്ലുകളും NGO കളുടെ പ്രവർത്തനത്തെ സാരമായിബാധിക്കുന്ന നിയമ നിർമ്മാണവും പാസാക്കിക്കൊണ്ടാണ് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സമ്മേളിച്ച പാർലമെന്റ് കഴിഞ്ഞ ദിവസം പിരിഞ്ഞത്. ആവശ്യമായ ചർച്ചകൾ നടത്താതെയാണ് പാർലമെന്റിൽ ബില്ലുകൾ പാസാക്കിയതെന്ന ഗൗരവമായ ആക്ഷേപം നിലനിൽക്കുമ്പോൾ തന്നെ തികച്ചും കർഷകവിരുദ്ധമായ കരിനിയമങ്ങളാണിവയെന്ന് ധരിക്കാനാവില്ല. കാർഷിക ഉൽപ്പന്നങ്ങൾക്ക് വിളവെടുപ്പ് അവസരത്തിൽ മുൻകൂട്ടി ഉറപ്പിച്ച വില ലഭിക്കുന്നതും ഇടനിലക്കാരെ ഒരു പരിധിവരെ ഒഴിവാക്കുന്നതും കർഷകർക്ക് ഗുണം ചെയ്യുമെങ്കിലും വൻ കോർപ്പറേറ്റ് ഭീമന്മാരുടെ കടന്നുവരവിനുള്ള സാധ്യത ആശങ്ക ഉളവാക്കുന്നുണ്ട്. നാട്ടുചന്തപോലെയുള്ള ജനകീയ പ്രാദേശിക വിപണന സംവിധാനങ്ങൾക്ക് രൂപം നൽകി അവയെ പ്രതിരോധിക്കാൻ കർഷകർക്ക് കഴിയണം. ഇവിടെയാണ് ചാസ് പ്രാദേശിക യൂണിറ്റുകളുടെയും ഫാർമേഴ്സ് ക്ലബുകളുടെയും പ്രസക്തി. കൂടാതെ ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണംവഴി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും സാധ്യമാക്കുകയും വേണം. വെല്ലുവിളികളെ വികസനത്തിനുള്ള സാധ്യതകളായി മാറ്റിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം. അതോടൊപ്പം, ജനാധിപത്യമൂല്യങ്ങൾക്ക് വിരുദ്ധമായ രീതിയിൽ സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾക്ക് കൂച്ചുവിലങ്ങിടുന്ന തരത്തിലുള്ള പ്രവർത്തനങ്ങളെ ചെറുക്കാനും നമുക്ക് കഴിയണം.

വിശ്വസ്തതയോടെ,

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
(അസി. ഡയറക്ടേഴ്സ്)

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

### 1. അതിരൂപതാ ഭവനനിർമ്മാണ പദ്ധതി 2020 സെപ്റ്റംബർ

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| കാവാലം സെന്റ് തെരേസാസ് | 3 | 2 | 65,000 |
| അറുന്നൂറ്റിൻപാടം | 2 | 2 | 80,000 |
| ചങ്ങനാശ്ശേരി | 1 | 1 | 50,000 |
| കണ്ണാടി സെന്റ് റീത്താസ് | 1 | 2 | 50,000 |
| കിടങ്ങറ | 1 | 2 | 40,000 |
| കൈനകരി | 3 | 2 | 1,60,000 |

| | | | |
|---|---|---|---|
| വടക്കേഅമിച്ചകരി | 1 | 2 | 15,000 |
| മുട്ടാർ ഓൾഡ് | 1 | 2 | 50,000 |
| കുമരാനല്ലൂർ | 1 | 2 | 40,000 |
| ആർപ്പൂക്കര | 1 | 1 | 1,00,000 |
| തടിയൂർ | 1 | 2 | 1,00,000 |
| കാവാലം ലിസ്യൂ | 1 | 2 | 25,000 |
| **ആകെ** | **17** | | **7,75,000** |

## 2. ചാസ് ഭവനനിർമ്മാണ പദ്ധതി 2020 സെപ്റ്റംബർ

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| ഫിൽഗിരി | 2 | 2 | 10,000 |
| പുഴവാത് | 1 | 1 | 25,000 |
| വേഴപ്രാ | 1 | 3 | 10,000 |
| തെക്കേക്കര | 1 | 3 | 15,0000 |
| ചങ്ങംകരി | 1 | 3 | 10,000 |
| പച്ച ചെക്കിടിക്കാട് | 1 | 4 | 70,000 |
| നരിക്കൽ | 1 | 1 | 25,000 |
| മുട്ടാർ ന്യൂ | 1 | 1 | 25,000 |
| എടത്വാ | 1 | 4 | 20,000 |
| **ആകെ** | **10** | | **3,45,000** |

## 6) അഗാപ്പേ ഭവനപുനർനിർമ്മാണ പദ്ധതി

ജർമ്മനിയിലെ Christus Koenig Kirche, Gemen Borken ന്റെ സഹായത്തോടെ ഭവനപുനർനിർമ്മാണത്തിന് സഹായം അനുവദിച്ചു.

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| പുല്ലങ്ങടി | 2 | 1 | 80,000 |
| തേക്കുപാറ | 1 | 1 | 40,000 |
| അറുന്നൂറ്റിൻപാടം | 1 | 1 | 1,00,000 |
| എഴുമറ്റൂർ | 1 | 1 | 50,000 |
| മാമ്മൂട് | 1 | 1 | 50,000 |
| കൈനകരി | 1 | 1 | 75,000 |
| വെളിയനാട് നോർത്ത് | 1 | 1 | 50,000 |
| എടത്വാ | 1 | 1 | 50,000 |
| ചമ്പക്കുളം | 2 | 1 | 1,50,000 |
| പുളിംകുന്ന് | 1 | 1 | 60,000 |
| കുറുമ്പനാടം | 1 | 1 | 1,00,000 |
| ഖാദി ഫുഡ് പൊഡക്ട് | 1 | 1 | 1,00,000 |
| **ആകെ** | **14** | | **9,05,000** |

## അറിയിപ്പുകൾ

### FPO രൂപീകരണയോഗവും കാർഷിക ബില്ലുകളെ സംബന്ധിച്ച് ചർച്ചയും

കാർഷിക ഉൽപ്പാദക സംഘരൂപീകരണവുമായി ബന്ധപ്പെട്ട് തെരഞ്ഞെ

ടുക്കപ്പെട്ട ഫാർമേഴ്സ് ക്ലബ് പ്രതിനിധികൾക്കുവേണ്ടി സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയുടെ രണ്ടാംഘട്ടയോഗവും പാർലമെന്റ് പാസാക്കിയ ബില്ലുകളെ സംബന്ധിച്ചുള്ള ചർച്ചയും ഒക്ടോബർ 3 ശനിയാഴ്ച രാവിലെ 10.30 ന് ചാസ് കോൺഫ്രൻസ് ഹാളിൽ നടത്തപ്പെടുന്നതാണ്.

## കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാർക്കുള്ള-ആരോഗ്യസുരക്ഷാ പദ്ധതി

കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാരുടെയും കുടുംബത്തിന്റെയും ആരോഗ്യ-സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായി, ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് ചാസ് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 65 വയസുവരെ പ്രായപരിധിയിലുള്ള എല്ലാ കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാർക്കും അംഗങ്ങളാകാൻ അവസരം ഒരുക്കുന്നു. വാർഷിക പ്രീമിയം തുകയായ 1000/- രൂപയിൽ 500/- രൂപ ചാസ് അടയ്ക്കുന്നതാണ്. ബാക്കി തുക യൂണിറ്റ് വിഹിതമായി ഒക്ടോബർ 10 ന് മുൻമ്പ് മേഖലാ കോ-ഓർഡിനേറ്റേഴ്സ് മുഖാന്തിരം ചാസ് കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ടതാണ്.

## തെങ്ങിൻ തൈകൾ വിതരണത്തിന്

ഹരിതസമൃദ്ധി പദ്ധതിയുടെ ഭാഗമായി കുറുമ്പനാടം സമൃദ്ധയിൽ തയ്യാറാക്കിയ മലയൻഡാർഫ് ഇനത്തിൽപ്പെട്ട ഗുണമേന്മയേറിയ തെങ്ങിൻ തൈകൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്.

## ഖാദിഫെസ്റ്റ്

ഗാന്ധിജയന്തിയോടനുബന്ധിച്ച് ചാസ് ഖാദി ഷോറൂമുകളിൽ ഒക്ടോബർ 1 മുതൽ 12 വരെ ഖാദി ഉൽപ്പന്നങ്ങൾക്ക് 30% ഗവൺമെന്റ് റിബേറ്റ് ഉണ്ടായിരിക്കുന്നതാണ്. 3000 രൂപയ്ക്കുമുകളിൽ റെഡി കാഷ് പർച്ചേസ് ചെയ്യുന്നവർക്ക് 5% സ്പെഷ്യൽ റിബേറ്റും ഉണ്ടായിരിക്കും. സർക്കാർ, അർദ്ധസർക്കാർ, അദ്ധ്യാപക-അനദ്ധ്യാപക, ബാങ്ക് ജീവനക്കാർ, ഡോക്ടേഴ്സ്, നേഴ്സസ്, കോർപറേറ്റ് ജീവനക്കാർ എന്നിവർക്ക് 50,000/- രൂപ വരെ തവണവ്യവസ്ഥയിലും ഉൽപ്പന്നങ്ങൾ ലഭ്യമാണ്.

## കെയർ എ ഫാമിലി പ്രോഗ്രാം

കെയർ എ ഫാമിലി പ്രോഗ്രാമിൽ അംഗത്വമുള്ള 37 കുടുംബങ്ങൾക്ക് സ്വയംതൊഴിൽ പദ്ധതി തുടങ്ങുന്നതിനുള്ള സഹായവിതരണം ഒക്ടോബർ 10 രാവിലെ 10.30 ന് ചാസ് കേന്ദ്രഓഫീസിൽ സംഘടിപ്പിച്ചിരുക്കുന്നു.

# ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധപദ്ധതികൾവഴി 2020 സെപ്റ്റംബർ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ.

## (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 480. കുഞ്ഞമ്മ കേശവൻ | ഉഷസ്സ് | പായിപ്പാട് | തൃക്കൊടിത്താനം |
| 481. സുഷമ്മ പ്രസന്നൻ | കൃപ | രാമങ്കരി | പുളിംകുന്ന് |
| 482. സിന്ധു രാജപ്പൻ | കൃപ | തകഴി | എടത്വാ |
| 483. റ്റി. സി. ശൗര്യാർ | കർഷക ശ്രീ | കൊടുപ്പുന്ന | എടത്വാ |

## (2) മ്യൂച്വൽ ബെനഫിറ്റ് സ്കീം

### ✷ മരണാനന്തരസഹായം

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 401. പി.റ്റി. മാത്യു പടികരമല | വെട്ടിമുകൾ | അതിരമ്പുഴ |
| 402. സതി രാജു, സത്യാലയം | വെട്ടിമുകൾ | അതിരമ്പുഴ |
| 403. കുഞ്ഞുമാൻ ചാക്കോ, വാഴപ്പറമ്പ് | പച്ച | എടത്വാ |
| 404. തോമസ് ദേവസ്യ, വലിയവീട് | ചങ്ങംകരി | എടത്വാ |
| 405. കുഞ്ഞുപെണ്ണ്, കൈപ്പനാട്ട്ചാരുവിള | നരിക്കൽ | കൊല്ലം |
| 406. പി.വി. തോമസ്, പുതുക്കരിപുതിയമഠം | കൊണ്ടാക്കൽ | ചമ്പക്കുളം |
| 407. പി.എ. ബഷീർ നിലംനികർത്തിൽ | ആറാട്ടുവഴി | ആലപ്പുഴ |
| 408. റൂബി ഡിജോ, കേളൻചേരി | ചങ്ങംകരി | എടത്വാ |
| 409. വൽസമ്മ ജോസഫ്, പാറയ്ക്കൽ | മായം | അമ്പൂരി |
| 410. കാസിംകുഞ്ഞ്, സീനത്ത് മൻസിൽ | ഫിൽഗിരി | കൊല്ലം |
| 411. ജോൺ ഡി, കാരുവേലിൽ | ഫിൽഗിരി | കൊല്ലം |
| 412. കുഞ്ചറിയ, മുണ്ടകത്തിൽ | പുഴവാത് | ചങ്ങനാശ്ശേരി |
| 413. ഗീത എസ്. തോമസ് വട്ടപ്പറമ്പിൽ | പുഴവാത് | ചങ്ങനാശ്ശേരി |
| 414. റ്റി. സി. ശൗര്യാർ, ഇരുപത്തിമൂന്നിൽ | ചിറകൊടുപ്പുന്ന | എടത്വാ |
| 415. ഈത്തമ്മ ചെത്തിപ്പുഴ | കുറുമ്പനാടം | കുറുമ്പനാടം |
| 416. ജോസഫ് ജോസഫ് വലിയകളം | മുട്ടാർ ഓൾഡ് | എടത്വാ |
| 417. എം. വി. വർഗ്ഗീസ്, ആറ്റുപുറത്ത്മൂന്നംകരി | മുട്ടാർ ഓൾഡ് | എടത്വാ |
| 418. ഷിബു വി.കെ. വെങ്ങോലിക്കൽ | നെടുമണ്ണി | നെടുംകുന്നം |
| 419. എൻ. ബാബു ലക്ഷ്മി വിലാസം | ചമ്പക്കുളം | ചമ്പക്കുളം |

### ✷ ചികിത്സാസഹായം

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 203. മേരുക്കുട്ടി തോമസ്, ചാലുങ്കൽ | കിടങ്ങറ | ചങ്ങനാശ്ശേരി |
| 204. ഗിരിജ അനിൽകുമാർ മഠത്തുംപുറമ്പ് | കിടങ്ങറ | ചങ്ങനാശ്ശേരി |
| 205. ജെസ്സി ജോസഫ് മുട്ടത്ത് | കിടങ്ങറ | ചങ്ങനാശ്ശേരി |
| 206. ഷേർളി ബൈജു കോയിപ്പള്ളി | പുഴവാത് | ചങ്ങനാശ്ശേരി |
| 207. സിന്ധു സജി, വെള്ളപ്പങ്കരിയിൽ | പുഴവാത് | ചങ്ങനാശ്ശേരി |

## (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2020 സെപ്റ്റംബർ മാസം 34,000/- രൂപ അനുവദിച്ചു.

## (4) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2020 സെപ്റ്റംബർ മാസം 1 കുടുംബത്തിന് ചികിത്സാ ചെലവിനത്തിൽ 5,100/- രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|
| 1. അന്നമ്മ കുഞ്ഞുമോൻ പുന്നപ്പറമ്പിൽ | പുതുക്കരി | 5,100/- |

## (5) സേവ് എ ഫാമിലി പ്ലാൻ (SAFP)

**(a)** 2020 സെപ്റ്റംബർ മാസം 94 കുടുംബങ്ങൾക്ക് 13,01,583/- രൂപ സഹായധനം അനുവദിച്ചു.

**(b)** സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിലേയ്ക്ക് കുട്ടനാട്, അതിരമ്പുഴ മേഖലകളിൽനിന്നും 2020 സെപ്റ്റംബർ മാസം 12 കുടുംബങ്ങളെ പുതുതായി തെരഞ്ഞെടുത്തു.

| *യൂണിറ്റ്* | *കുടുംബങ്ങൾ* | *യൂണിറ്റ്* | *കുടുംബങ്ങൾ* |
|---|---|---|---|
| വെളിയനാട് കേസറിയ | 2 | പുല്ലങ്ങടി | 2 |
| ചമ്പക്കുളം | 1 | അതിരമ്പുഴ | 4 |
| ആർപ്പൂക്കര | 3 | | |

## കേന്ദ്ര വാർത്തകൾ

### കാർഷികോൽപ്പന്ന മാർക്കറ്റിംഗ് നെറ്റ്‌വർക്ക്

കേരള കത്തോലിക്കാസഭയുടെ (KCBC) 32 ഔദ്യോഗിക സാമൂഹ്യസേവന വിഭാഗങ്ങളെ കോർത്തിണക്കി കാർഷികോൽപ്പന്നങ്ങളുടെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും വിപണനശൃംഖല രൂപീകരിക്കുന്നതിനാവശ്യമായ രൂപ രേഖ തയ്യാറാക്കുന്നതിനുള്ള ആലോചനായോഗം കാഞ്ഞിരപ്പള്ളി ബിഷപ്സ് ഹൗസിൽ JPD കമ്മീഷൻ ചെയർമാൻ മാർ ജോസ് പുളിക്കലിന്റെ അദ്ധ്യക്ഷത യിൽ സെപ്റ്റംബർ 10-ാം തീയതി കൂടി. പ്രസ്തുത മീറ്റിംഗിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ചങ്ങനാശ്ശേരി അതിരൂപതയിലെ നിലവിലുള്ള പ്ര വർത്തനങ്ങളും, നിർദ്ദേശങ്ങളും, ഭാവിപരിപാടികളും അവതരിപ്പിച്ചു.

### ഹരിതസമൃദ്ധി-ഓണം വിപണനമേള

ചാസ് കർഷകസംഘങ്ങളും, സ്വാശ്രയസംഘങ്ങളും ഉൽപ്പാദിപ്പിച്ച കിഴങ്ങു വർഗ്ഗവിളകളും, പച്ചക്കറികളും, ജൈവപുഞ്ചകുത്തരിയും സംഭരിച്ച് ആഗസ്റ്റ് 28, 29 തീയതികളിൽ ചാസ് അങ്കണത്തിൽ ഓണം വിപണനമേള സംഘടിപ്പി ച്ചു. ഓണചന്തയുടെ ഉദ്ഘാടനം അതിരൂപതാ സഹായമെത്രാൻ ബിഷപ് മാർ തോമസ് തറയിൽ നിർവഹിച്ചു. ആദ്യവിൽപ്പന വാർഡ് കൗൺസിലർ ശ്രീ. സിബി പാറയ്ക്കൽ ഏറ്റുവാങ്ങി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അസി. ഡയറക്ടർമാരായ ഫാ. തോമസ് കുളത്തുങ്കൽ, ഫാ. ജോർജ്ജ് മാന്തുരുത്തിൽ എന്നിവർ പ്രസംഗിച്ചു.

### ഭക്ഷ്യവസ്തു വിതരണം

പ്രളയദുരിതത്തിൽ കഷ്ടപ്പെടുന്ന കുട്ടമംഗലം പ്രദേശത്തെ മുന്നൂറ് കുടുംബ ങ്ങൾക്ക് മാനന്തവാടി രൂപതയുടെ സാമൂഹ്യസേവന വിഭാഗമായ WSSS ന്റെ യും ബയോവിൻ അഗ്രോറിസേർച്ച് സെന്ററിന്റെയും സഹായത്തോടെ ഭക്ഷ്യവസ്തു ക്കൾ വിതരണം ചെയ്തു.

## ഫാർമർ-പ്രൊഡ്യൂസർ ഓർഗനൈസേഷൻ

കേന്ദ്ര-സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിവിധ കൃഷിവികസന പദ്ധതികളിൽ പങ്കാളികളാവാൻ കർഷകരെ സജ്ജമാക്കുന്നതിന് ചാസിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കർഷകസംഘം (farmers club) പ്രതിനിധികളുടെ മീറ്റിംഗ് സെപ്റ്റംബർ 19 ശനിയാഴ്ച ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. ഫാർമർ പൊഡ്യൂസർ ഓർഗനൈസേഷനുകളുടെ പ്രസക്തി, കാർഷിക ബിൽ, നാട്ടുചന്തകൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി ശ്രീ. ജെയിംസ് വടക്കേൽ ക്ലാസ് നയിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പ്രാദേശിക വിപണനസാധ്യതകളും, രൂപതാതല ഇടപെടലുകളും വിശദീകരിച്ചു. അസി. ഡയറക്ടർമാരായ ഫാ. തോമസ് കുളത്തുങ്കൽ, ഫാ. ജോർജ്ജ് പനക്കേഴം, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, ഡോ. ജോസഫ് എബ്രഹാം, ശ്രീ. ബിനു ജോസഫ് എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. തെരഞ്ഞെടുക്കപ്പെട്ട 27 കർഷകർ യോഗത്തിൽ പങ്കെടുത്തു.

## മഴകേന്ദ്രവുമായി സഹകരിച്ച് 200 മഴവെള്ളസംഭരണികൾ

കേരള സർക്കാരിന്റെ കീഴിലുള്ള മഴകേന്ദ്രത്തിന്റെ Rain water harvesting & ground water recharge programme ൽ 2019-20 കാലയളവിൽ കാവാലം, പുളിംകുന്ന് ഗ്രാമപഞ്ചായത്തുകളിൽ 200 മഴവെള്ളസംഭരണികളുടെ നിർമ്മാണം ചാസ് പൂർത്തീകരിച്ചു. പതിനായിരം ലിറ്റർ സംഭരണശേഷിയുള്ള ടാങ്കുകളാണ് നിർമ്മിച്ചത്.

## CEI, CHASS Covid ബോധവത്ക്കരണം

ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസുമായി സഹകരിച്ച് കോവിഡിനൊപ്പം ജീവിക്കാൻ സമൂഹത്തെ പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ ചാസ് പ്രാദേശിക യൂണിറ്റുകളുടെ ഭാരവാഹികൾക്കുവേണ്ടി പരിശീലന പരിപാടി സംഘടിപ്പിച്ചു. കോവിഡ് കാലത്ത് ജീവിതം സജീവമാക്കാൻ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ, ഭാവി പ്രവർത്തനങ്ങളുടെ രൂപരേഖ തയാറാക്കൽ തുടങ്ങിയ വിഷയങ്ങൾ പരിപാടിയിൽ ചർച്ച ചെയ്തു.

| *തീയതി* | *ToT സംഘടിപ്പിച്ച യൂണിറ്റുകൾ* |
|---|---|
| 15.09.2020 | ഏറ്റുമാനൂർ |
| 17.09.2020 | ചാഞ്ഞോടി |
| 17.09.2020 | ഇത്തിത്താനം |

## ഹരിതസമൃദ്ധി

(2020 ഏപ്രിൽ-സെപ്റ്റംബർ)

### ▶ മഴക്കൊയ്ത്ത്

**(a) മഴവെള്ളസംഭരണി**

| *സംഭരണശേഷി* | *എണ്ണം* |
|---|---|
| 65000 Ltrs FC tank | 1 |
| 30000 Ltrs FC tank | 1 |
| 25000 Ltrs FC tank | 1 |

| | |
|---|---|
| 20000 Ltrs FC tank | 1 |
| 12000 Ltrs FC tank | 2 |
| 10000 Ltrs FC tank | 2 |

**(b)** ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി ചമ്പക്കുളം യൂണിറ്റിൽ പലിശ രഹിത വായ്പ നൽകി നാല് മഴവെള്ള സംഭരണികളുടെ നിർമ്മാണം ആരംഭിച്ചു.

### ▶ ശുചിത്വനാട്

| *മാലിന്യസംസ്ക്കരണ ഉപാധികൾ* | *എണ്ണം* |
|---|---|
| (a) ബയോഗ്യാസ് പ്ലാന്റ് | 1 |
| (b) റിംഗ് കമ്പോസ്റ്റ് | 25 |
| (c) മുച്ചട്ടി | 15 |
| (d) പൈപ്പ് കമ്പോസ്റ്റ് | 8 |
| (e) മണ്ണിരകമ്പോസ്റ്റ് | 6 |

### ▶ പോഷകത്തോട്ടം

**(a) പച്ചക്കറി വിത്ത് വിതരണം നടത്തി**

മഴയിലും വെള്ളപ്പൊക്കത്തിലും പച്ചക്കറികൃഷി നശിച്ചുപോയ സ്വാശ്രയ സംഘാംഗങ്ങൾക്കും ഫാർമേഴ്സ് ക്ലബ് അംഗങ്ങൾക്കും ചാസ് ഹരിതസമൃദ്ധി പദ്ധതിയുടെ ഭാഗമായി സെപ്റ്റംബർ മാസം പച്ചക്കറിവിത്ത് സൗജന്യമായി വിതരണം ചെയ്തു.

| *മേഖല* | *കർഷകരുടെ എണ്ണം* |
|---|---|
| ചമ്പക്കുളം | 2050 |
| ചങ്ങനാശ്ശേരി | 150 |
| പുളിംകുന്ന് | 320 |
| എടത്വാ | 204 |
| കോട്ടയം | 29 |
| അതിരമ്പുഴ | 105 |
| കുടമാളൂർ | 130 |

**(b) വാഴവിത്ത് വിതരണം ചെയ്തു**

ചാസ് 'ഹരിതസമൃദ്ധി' പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി, എടത്വാ, ചമ്പക്കുളം, പുളിംകുന്ന്, നെടുംകുന്നം, കുടമാളൂർ, തുരുത്തി മേഖലകളിലെ വിവിധ യൂണിറ്റുകളിൽ സെപ്റ്റംബർ മാസം 7500 ഏത്തവാഴവിത്തുകൾ വിതരണം ചെയ്തു.

### ▶ വളർത്തുകൂട്ടം

**(a) മുട്ടക്കോഴിക്കുഞ്ഞുവിതരണം നടത്തി**

ചാസ് 'ഹരിതസമൃദ്ധി' പദ്ധതിയുടെ ഭാഗമായി 60 ദിവസം പ്രായമായ 500 നാടൻ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ സെപ്റ്റംബർ മാസം വിവിധ യൂണിറ്റുകളിൽ വിതരണം ചെയ്തു.

## ബോധവത്ക്കരണ പരിപാടി

കുറുമ്പനാടം യൂണിറ്റിൽ കോവിഡ്-19, സർക്കാർ സാമൂഹ്യസുരക്ഷാപദ്ധതികൾ, ചാസ് 'ഹരിതസമൃദ്ധി' എന്നിവയെക്കുറിച്ച് സെപ്റ്റംബർ 3 ന് ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് നൂഴായിത്തടം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ബോധവത്ക്കരപരിപാടിക്ക് നേതൃത്വം നൽകി.

## SFURTI കർഷക സംഗമം

MSME യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന 'സ്ഫൂർത്തി' പദ്ധതിയിൽ കണ്ണിചേരാൻ താത്പര്യമുള്ള കർഷകരുടെ പ്രാദേശിക സംഗമങ്ങൾ സെപ്റ്റംബർ 10 ന് എടത്വായിലും 15 ന് പച്ച-ചെക്കിടിക്കാട്ടും സംഘടിപ്പിച്ചു. 10 കർഷകർവീതം പങ്കെടുത്തു.

## കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റും ആരോഗ്യ ഇൻഷുറൻ പദ്ധതി ഉദ്ഘാടനവും

പുളിംകുന്ന് മേഖലയിൽ കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് പരിശീലന പരിപാടിയും ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഉദ്ഘാടനവും സെപ്റ്റംബർ 15 ന് രാവിലെ പുളിംകുന്ന് സെന്റ് മേരീസ് സെമിനാർ ഹാളിൽ സംഘടിപ്പിച്ചു. മേഖലയിലെ യൂണിറ്റുകളിൽനിന്നും 16 കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാർ പങ്കെടുത്തു. പദ്ധതിയുടെ ഉദ്ഘാടനം ഫൊറോന വികാരി റവ. ഫാ. മാത്യു പുത്തനങ്ങാടി നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖ പ്രസംഗം നടത്തി. കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിന്റെ സേവന മേഖലകളെക്കുറിച്ച് മേഖല കോ-ഓർഡിനേറ്റർ ശ്രീ. ബിനു ജോസഫ് ക്ലാസ് നയിച്ചു.

## നേതൃത്വ സംഗമം

ചമ്പക്കുളം മേഖലയിലെ യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വസംഗമം സെപ്റ്റംബർ 22 ന് ചമ്പക്കുളം ബസിലിക്ക യൂണിറ്റിൽ സംഘടിപ്പിച്ചു. കോവിഡ് പശ്ചാത്തലത്തിൽ യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തി. 12A രജിസ്ട്രേഷൻ, സൺഡേ മാർക്കറ്റ്, നാട്ടുചന്ത എന്നിവയെക്കുറിച്ച് ചാസ് കോ-ഓർഡിനേറ്റർ ശ്രീ. ബേബി ജോസഫ്, കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാരുടെ മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയെകുറിച്ച് ശ്രീ. ബിനു ജോസഫ് എന്നിവർ വിശദീകരണം നൽകി.